പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2484 07.02.2019-ൽ മറുപടിക്ക്

സർവ്വീസ് സഹകരണ ബാങ്കുകളിലെ സ്ഥാനക്കയറ്റം

ചോദ്യം

ശ്രീ.അൻവർ സാദത്ത്

മറുപടി

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സഹകരണ നിയമമനുസരിച്ച് പ്രവർത്തിക്കുന്ന പ്രാദേശിക സർവ്വീസ് സഹകരണ ബാങ്കുകളിൽ ജൂനിയർ ക്ലർക്ക്, സീനിയർ ക്ലർക്ക്, അക്കൗണ്ടന്റ് തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ഒഴിവുകൾ ഉണ്ടായിട്ടും യഥാസമയം സ്ഥാനക്കയറ്റം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട് |
| (ബി) | മുൻകാല പ്രാബല്യം ഇല്ലാതെ വർഷങ്ങൾക്ക് ശേഷം സ്ഥാനക്കയറ്റം ലഭിക്കുന്നതിനാൽ ജീവനക്കാർക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | സർവ്വീസ് സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് സഹകരണ നിയമത്തിനു വിധേയമായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണസമിതികളാണ്. സംഘങ്ങളിലെ സ്ഥാനക്കയറ്റം മുഖേനയുള്ള ഒഴിവുകൾ നികത്തുന്നതിന് സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ